# ഈരാട്ടുപേട്ടയിൽ കർഷക സമരം

കോട്ടയം : ആഗോളവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ ഇന്ന് ഏറെ പ്രകടമായിരിക്കുന്നത് കാർഷിക മേഖലയിലാണല്ലോ. കർഷകർ കടക്കെണിയിൽപ്പെട്ട് കൂട്ട ആത്മഹത്യയുടെ വക്കിലാണ്. ഭരണ-പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളെല്ലാം ചടങ്ങ് സമരങ്ങൾ നടത്തിവരുന്നു. ഇതിനിടയിൽ ഏതാനും ചില സ്വതന്ത്ര കർഷക സംഘടനകൾ കർഷകർക്ക് പുതിയ പ്രതീക്ഷകൾ നൽകി രംഗത്ത് വന്നിട്ടുണ്ട്. ഇത്തരം സംഘടനകളിലൂടെ കർഷകരിൽ ഒരു സംഘടനാബോധമുണ്ടായി വരുന്നുണ്ട്. എങ്കിലും കർഷകരുടെ അടിയന്തിര പ്രാധാന്യമുള്ള ഏതെങ്കിലും ചില പ്രശ്നങ്ങളുന്നയിച്ച് അനിശ്ചിത കാലത്തേയ്ക്ക് സമരം ചെയ്ത് അവയ്ക്ക് പരിഹാരം കാണാനും അതുവഴി സ്വതന്ത്ര കർഷക സംഘടനകൾക്കിടയിലും കർഷകർക്കുമിടയിൽ പൊതുവേയും ഒരു ഐക്യബോധം ഉണ്ടാക്കാനുള്ള യത്നങ്ങൾ വേണ്ടത്ര പുരോഗമിച്ചിട്ടില്ല.

ഇതിനിടയിലാണ് കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട ഒരു സ്വതന്ത്ര കർഷക സംഘടനയായ കർഷകവേദിയുടെ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് കമ്മറ്റി ഈരാട്ടുപേട്ടയിൽ ആരംഭിച്ച സമരം മറ്റ് ജനകീയ സംഘടനകൾ ഏറ്റെടുത്ത് അനിശ്ചിത കാലത്തേയ്ക്ക് തുടരുന്നത്. ജനകീയ പ്രസ്ഥാനങ്ങളുടെ കർഷക സമരസമിതി എന്നുള്ള പൊതുവേദി രൂപീകരിച്ചുകൊണ്ട് സമരം തുടരുന്നു. കൂട്ടധർണ്ണ എന്ന ആദ്യസമര ഘട്ടത്തിനുശേഷം 24 മണിക്കൂർ വീതം ഓരോ ആളുകൾ ഉപവാസമനുഷ്ഠിക്കുന്ന വ്യക്തിസത്യാഗ്രഹമാണിപ്പോൾ നടക്കുന്നത്. പടിപടിയായി സമരം വ്യാപിപ്പിക്കാനും രൂക്ഷമാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

റബ്ബർ മേഖലയായ ഈരാറ്റുപേട്ടയിൽ റബ്ബർ കൃഷി രംഗത്തെ പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് മൊത്തം കർഷകരുടെ പ്രശ്നങ്ങൾ ഉന്നയിച്ചാണ് സമരം മുന്നോട്ടു നീങ്ങുന്നത്.